**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3958** **11.11.2019-** ൽ മറുപടിയ്ക്ക്

**വയോജനങ്ങൾക്കായുള്ള ആരോഗ്യ പദ്ധതികൾ**

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| | കേരളത്തിൽ ആയുർദൈർഘ്യം കൂടുതലായതിനാൽ വയോജനങ്ങളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഇവർക്കായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം
## സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന **സായംപ്രഭാ ഹോം പദ്ധതി**
2. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചു കൊടുക്കുന്ന **മന്ദഹാസം പദ്ധതി**
3. സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന **വയോ അമൃതം പദ്ധതി**
4. സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന **മ്യൂസിക് തെറാപ്പി**
5. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നല്കുന്ന **വയോമധുരം പദ്ധതി**
6. വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവം ചിലവഴിക്കുന്നതിനും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള **മാതൃകാ സായംപ്രഭാ ഹോം പദ്ധതി (Multi Service Day care Centre).**
7. വയോജനങ്ങൾക്ക് വിവിധ സേവനങ്ങളും ശുശ്രൂഷാ സംവിധാനങ്ങളും ലഭ്യമാക്കുന്ന മാതൃകാ സായംപ്രഭാ ഹോം പദ്ധതി കോഴിക്കോട് ജില്ലയിൽ HLFPPT യുടെ സഹകരണത്തോടു കൂടി ആരംഭിച്ചിട്ടുണ്ട്.
8. വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കുന്ന **യോഗാ തെറാപ്പി**
9. സംസ്ഥാനത്തെ വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള **സെക്കന്റ് ഇന്നിംഗ്സ് പ്രോജക്റ്റ്**
10. സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്കും ജീവനക്കാർക്കും ക്രിയാത്മകമായ മാനസിക സ്ഥിതി നിലനിർത്തി ഉത്സാഹവും ഉണർവും പ്രദാനം ചെയ്യുന്നതിന് NIMHANS മായി സഹകരിച്ച് നടപ്പാക്കുന്ന **Psycho Social Care for Elderly in Old Age Homes in Kerala Project**
11. മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ **ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി**.
12. ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കായി വന്നെത്തുന്ന വയോജനങ്ങൾക്കായി ഇരിപ്പിട സൗകര്യം , ചായ, ലഘുഭക്ഷണം, വെള്ളം എന്നിവ നല്കുന്നതിനായുള്ള പദ്ധതി.

13. ARDSI യുടെ സഹകരണത്തോടു കൂടി സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, തൃശ്ശൂർ ജില്ലയിൽ പകൽ പരിപാലന ഡേ കെയർ സെന്റർ എന്നിവ വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു.

വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും മാനസിക ഉല്ലാസത്തിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്തെ മുനിസിപ്പൽ/കോർപ്പറേഷൻ നഗരസഭാ പ്രദേശത്ത് 'വയോമിത്രം' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 85 മുനിസിപ്പൽ നഗരസഭകളിലും 6 കോർപ്പറേഷനുകളിലും, 1 ബ്ലോക്ക് പഞ്ചായത്തിലും നടപ്പാക്കി വരുന്ന ടി പദ്ധതിയിലൂടെ സൗജന്യമായി ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്ന്, കൗൺസിലിംഗ്, ഹെൽപ്പ് ഡെസ്കിന്റെ സേവനം, പാലിയേറ്റീവ് സേവനം എന്നിവ ലഭ്യമാക്കി വരുന്നു. 65 വയസ്സ് കഴിഞ്ഞ നഗരസഭാ പ്രദേശത്ത് വസിക്കുന്ന എല്ലാ വയോജനങ്ങൾക്കും, പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

വയോജനങ്ങളുടെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യുന്ന എല്ലാ വയോജനങ്ങൾക്കും വാർഡ് തലത്തിൽ നിശ്ചിത സ്ഥലങ്ങളിൽ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ എന്നിവരടങ്ങുന്ന സംഘം എത്തി പരിശോധിച്ച് അവർക്ക് വേണ്ട വൈദ്യസഹായം നൽകി വരുന്നു.

വയോജനങ്ങൾക്ക് മാനസിക ഉല്ലാസത്തിന് ഉതകുന്നതായ വിവിധ പരിപാടികളും വയോമിത്രം യൂണിറ്റ് തലത്തിൽ നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി വിനോദയാത്രകൾ, പ്രത്യേക ദിനാചരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം ടി പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഓരോ ബ്ലോക്ക് പഞ്ചായത്തിൽ കൂടി തുടങ്ങി ഗ്രാമപ്രദേശങ്ങളിൽ സേവനം എത്തിച്ചു നൽകുന്നതിന് വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**